പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.801

30.6.2011ൽ
മറുപടി നൽകേണ്ടിയിരുന്നത്

## പാട്ടക്കരാർ വ്യവസ്ഥകൾ

ചോദ്യം
ശ്രീ.കെ.എം.ഷാജി:

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സർക്കാർ ഭൂമി, പാട്ടവ്യവസ്ഥയിലും, പതിച്ചും സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും നല്കുന്നതു സംബന്ധിച്ച നിയമവ്യവസ്ഥകളെന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) 1960-ലെ കേരള ഭൂമി പതിവ് നിയമത്തെ അധികരിച്ചുണ്ടായ വിവിധ ചട്ടങ്ങളനുസരിച്ചാണ് സംസ്ഥാനത്ത് സർക്കാർ ഭൂമി പാട്ട വ്യവസ്ഥയിലും പതിച്ചും സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും നൽകുന്നത്. പഞ്ചായത്ത് മേഖലയിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും, മുനിസിപ്പൽ/കോർപ്പറേഷൻ മേഖലകളിൽ 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരവുമാണ് ഭൂമി പാട്ടത്തിനും പതിച്ചും നൽകുന്നത്. |
| (ബി) സർക്കാർ ഭൂമിയുടെ ട്രസ്റ്റി എന്ന നിലയിലേ സർക്കാരിന് പ്രവർത്തിക്കാനാവൂ എന്നും, പൊതുമുതൽ ആയതിനാൽ അതിന്റെ അവകാശ കൈമാറ്റം സംഘടനകളുടെ പേരിൽ നടത്തുന്നത് നിയമ വിരുദ്ധമാണെന്നും സുപ്രീംകോടതി ഉത്തരവായിട്ടുള്ളതായി അറിവുണ്ടോ ; | (ബി) ഉണ്ട്. ബഹു.സുപ്രീംകോടതിയുടെ M.C.Mehta Vs. Kamal Nath (1997 (1) SEC 388) കേസ്സിന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 7.8.2001-ൽ 44118/U2/2001/RD നമ്പരായി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം സർക്കാർ പുറമ്പോക്ക് സ്ഥലങ്ങൾ വ്യക്തികൾ, അസോസിയേഷനുകൾ, സംഘടനകൾ എന്നിവയ്ക്ക് പതിച്ചു നൽകുമ്പോൾ പൊതു താല്പര്യം സംരക്ഷിക്കപ്പെടുന്ന അപേക്ഷകൾ അല്ലാത്തവ പരിഗണിക്കേണ്ടതില്ല എന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

| | |
|---|---|
| (സി) മുൻ സർക്കാരിന്റെ കാലത്ത് പാട്ടവ്യവസ്ഥയിലോ, പട്ടയ വ്യവസ്ഥയിലോ, രാഷ്ട്രീയ, സാമൂഹ്യ, മതസംഘടനകൾക്കും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഭൂമി കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) അനുബന്ധം I ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) സർക്കാർ ഭൂമി പാട്ടത്തിനു നൽകിയിട്ടുള്ളതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നത് ഏതു തലത്തിലെ ഉദ്യോഗസ്ഥരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളതെന്നും അവയുടെ പരിശോധനാ ഉദ്യോഗസ്ഥർ ആരാണെന്നും വ്യക്തമാക്കുമോ ; | (ഡി) 1964-ലെ ഭൂമി പതിവ് ചട്ടം 22 പ്രകാരം താലൂക്ക് തഹസീൽദാരും, 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമിപതിവ് ചട്ടം 19 പ്രകാരം ജില്ലാ കളക്ടറുമാണ് ഭൂമിപതിവ്/പാട്ടം രജിസ്റ്ററുകൾ സൂക്ഷിക്കുന്നത്. കൂടാതെ വില്ലേജ് ആഫീസുകളിലും ഭൂമി പാട്ടത്തിന് നൽകിയത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വില്ലേജ്, താലൂക്ക് തലങ്ങളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ തഹസീൽദാർ, ജില്ലാ കളക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ, അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ പരിശോധന ഉദ്യോഗസ്ഥർ മുതലായവരും ജില്ലാ കളക്ടറേറ്റുകളിലെ രജിസ്റ്ററുകൾ ജില്ലാ കളക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ, അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ പരിശോധനാ ഉദ്യോസ്ഥർ എന്നിവരും കാലാകാലങ്ങളിൽ പരിശോധിച്ചു വരുന്നു. |
| (ഇ) പാട്ടക്കുടിശ്ശിക എത്രത്തോളമാണെന്ന് വിശദമാക്കാമോ ? | (ഇ) അനുബന്ധം II ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| ക്രമ നം. | രാഷ്ട്രീയ, സാമൂഹ്യ, ഭരണ ഘടന, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനം | ജില്ല | പാട്ട വിസ്തീർണ്ണം | പതിവ് വിസ്തീർണ്ണം. |
|---|---|---|---|---|
| 1. | P.S. ശ്രീനിവാസൻ സ്മാരക ഫൗണ്ടേഷൻ | തിരുവനന്തപുരം | 20 സെന്റ് | -- |
| 2. | ശങ്കർ സ്മാരകം | തിരുവനന്തപുരം | 10 സെന്റ് | -- |
| 3. | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി | തിരുവനന്തപുരം | 10 സെന്റ് | -- |
| 4. | ചാക്ക യംഗ് മെൻ അസോസിയേഷൻ | തിരുവനന്തപുരം | 28.16 സെന്റ് | -- |
| 5. | തിരുവനന്തപുരം ജില്ലാ ഫുട്ബാൾ അസോസിയേഷൻ | തിരുവനന്തപുരം | -- | 13.48 സെന്റ് |
| 6. | പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ | തിരുവനന്തപുരം | 3.5 സെന്റ് | -- |
| 7. | ചാക്ക SNDP | തിരുവനന്തപുരം | 3 സെന്റ് | -- |
| 8. | ശ്രീവരാഹം വനിതാസമിതി | തിരുവനന്തപുരം | 121.017 സെന്റ് | -- |
| 9. | ബാലവിഹാർ | തിരുവനന്തപുരം | 39.700 സെന്റ് | -- |
| 10. | കുട്ടാപ്പു. A. ഗോപാലൻ മെമ്മോറിയൽ ലൈബ്രറി | തിരുവനന്തപുരം | 3.0 സെന്റ് | -- |
| 11. | S.N. ട്രസ്റ്റ് | തിരുവനന്തപുരം | 80 സെന്റ് | |
| 12. | ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻ | തിരുവനന്തപുരം | | 33 സെന്റ് |
| 13. | എക്സ്. സർവ്വീസ്മെൻ കോപറേറ്റീവ് ടെക്നോളജി | തിരുവനന്തപുരം | 80 സെന്റ് | - |
| 14. | S.N.D.P. ശാഖാ മന്ദിരം | കൊല്ലം | 21.88 ആർ | -- |
| 15. | S.N. ലൈബ്രറി | കൊല്ലം | 0.97 ആർ | -- |
| 16. | ചെറുകുന്നം S.N.D.P. | പത്തനംതിട്ട | 9.40 ആർ | -- |
| 17. | നാഷണൽ ലൈബ്രറി, മുതുകുളം, കാർത്തികപള്ളി | ആലപ്പുഴ | 2.65 ആർ. | -- |
| 18. | നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് വൈറോളജി, പുന്നപ്ര | ആലപ്പുഴ | 5 ഏക്കർ | |
| 19. | കേരള പെൻഷനേഴ്സ് യൂണിറ്റ്, ആര്യാട് | ആലപ്പുഴ | 4 സെന്റ് | |

P.T.O.

| | | | | |
|---|---|---|---|---|
| 20. | എസ്റ്റേറ്റ് ഓഫീസർ, ഗവൺമെന്റ് ഓഫ് ഇന്ത്യ, മിനിസ്ട്രി ഓഫ് ഡിഫൻസ്, അമ്പലപ്പുഴ | ആലപ്പുഴ | 12.15 ആർസ് | – |
| 21. | ചെറിയനാട് ജൂനിയർ ഗവ. ഗേൾസ് സ്കൂൾ ചെങ്ങന്നൂർ | ആലപ്പുഴ | 18.65 ആർസ്. | |
| 22. | ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ചേർത്തല | ആലപ്പുഴ | – | 17 സെന്റ് |
| 23. | പൂവർ ലെപ്രസി ഹോസ്പിറ്റൽ, ചേർത്തല | ആലപ്പുഴ | – | 5.07500 ഏക്കർ |
| 24. | കോസ്റ്റൽ കോപ്പറേറ്റീവ് റോഡ് ട്രാൻസ്പോർട്ട് | ആലപ്പുഴ | – | 3.50 സെന്റ് |
| 25 | സുഭാഷ് സ്മാരക ഗ്രന്ഥശാല, മാവേലിക്കര | ആലപ്പുഴ | -- | 1 ആർ. |
| 26. | കേരള പുലയർ മഹാസഭ, 1136 - ാം നമ്പർ ശാഖ | എറണാകുളം | 11.74 ആർ | – |
| 27. | T.K. രാമകൃഷ്ണൻ കൾച്ചറൽ സെന്റർ | എറണാകുളം | 15 സെന്റ് | – |
| 28. | ശ്രീ. വീരഹനുമാൻ കോവിൽ ട്രസ്റ്റ്, നെടുമ്പാശ്ശേരി | എറണാകുളം | 40 സെന്റ് | – |
| 29. | MES കോളേജ് പൊന്നാനി | മലപ്പുറം | | 25.96 ഏക്കർ |
| 30 | വയനാട് പ്രസ് ക്ലബ്ബ്, കൽപ്പറ്റ വില്ലേജ് | വയനാട് | 5 സെന്റ് | – |
| 31 | N.E. ബലറാം സ്മാരക കമ്മിറ്റി, തലശ്ശേരി താലൂക്ക് | കണ്ണൂർ | 4 സെന്റ് | – |
| 32. | ചമ്പാട് വായന ശാല ആന്റ് ഗ്രന്ഥാലയം, തലശ്ശേരി താലൂക്ക് | കണ്ണൂർ | 2.5 സെന്റ് | – |
| 33. | മറോളിപെട്ടം കുളവും സംരക്ഷിക്കുന്നതിന് കൂത്തുപറമ്പ് വില്ലേജ്, തലശ്ശേരി താലൂക്ക്. | കണ്ണൂർ | 20 സെന്റ് | – |

ANNEXURE - II

Annexure II

| District | Arrears of Lease as on June 2011 |
|---|---|
| Thiruvananthapuram | 2,36,76,455.00 |
| Kollam | 39,88,827.00 |
| Pathanamthitta | 20,76,131.00 |
| Kottayam | 1,21,211.00 |
| Alappuzha | 7,14,883.00 |
| Idukki | 3,34,78,896.00 |
| Etranakulam | 88,58,909.00 |
| Thrissur | 24,25,13,410.00 |
| Palakkad | 12.00 |
| Malappuram | 2,46,821.00 |
| Kozhikkodu | 1,99,53,922.00 |
| Wyanad | 2,83,528.00 |
| Kannur | 3,13,574.00 |
| Kasargod | 11,906.00 |
| Total | 33,62,38,485.00 |

23/2/12